**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- നഗരകാര്യ വകുപ്പ് -കോട്ടയം നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടറായിരിക്കെ വിരമിച്ച ശ്രീ.ജോസഫ് മാത്യുവിന്റെ ചികിത്സക്ക് ചെലവായ തുക റീ ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 632/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 07.03.2018

---

പരാമർശം :

1. ശ്രീ.ജോസഫ് മാത്യുവിന്റെ 08.03.2013 ലെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷ.
2. 17.06.2014 തീയതിയിലെ 20636/ഇയു2/2014/തസ്വഭവ-നമ്പർ സർക്കാർ കത്ത്(Annexure A9)
3. ശ്രീ.ജോസഫ് മാത്യു ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ എ(ഇകെഎം)1530/2017 നമ്പർ കേസിൽ 22.08.2017 തീയതിയിലെ ഉത്തരവ്
4. നഗരകാര്യഡയറക്ടറുടെ 20.01.2018 തീയതിയിലെ ഡി.സി.1-6657/13 നമ്പർ കത്ത്.

## ഉത്തരവ്

നഗരകാര്യ വകുപ്പ് കോട്ടയം നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടറായിരിക്കെ വിരമിച്ച ശ്രീ.ജോസഫ് മാത്യുവിന് ഹൃദയസംബന്ധമായ അസുഖത്തിന് കോട്ടയം ഭാരത് ആശുപത്രിയിൽ 2012 ൽ നടത്തിയ ചികിത്സക്ക് ചെലവായ തുക റീ ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് സർക്കാർ പരിശോധിക്കുകയും ശ്രീ.ജോസഫ് മാത്യുവിന് ചെലവായ തുകയുടെ 80% റീ ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നതിനായി മെഡിക്കൽ ബില്ലുകളിൽ ആരോഗ്യഡയറക്ടറുടെ വെരിഫിക്കേഷൻ സഹിതം റിപ്പോർട്ട് സമർപ്പിക്കുവാൻ നഗരകാര്യഡയറക്ടർക്ക് പരാമർശം 2 പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ടി വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമായിരുന്നില്ല.

2. ടി മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷ പരിഗണിച്ച് തുക അനുവദിക്കണമെന്ന ആവശ്യവുമായി ശ്രീ.ജോസഫ് മാത്യു, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ എ(ഇകെഎം)1530/2017 നമ്പർ കേസിൽ പരാമർശം 3 പ്രകാരമുള്ള വിധിയിൽ ശ്രീ.ജോസഫ് മാത്യുവിന്റെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷ Annexure

A9 കത്തിന്റെയടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ച് ചികിത്സാ ചെലവ് അനുവദിക്കുന്നതിനുള്ള ഉത്തരവ് രണ്ട് മാസത്തിനുള്ളിൽ പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ വകുപ്പ് കോട്ടയം നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടറായിരിക്കെ വിരമിച്ച ശ്രീ.ജോസഫ് മാത്യുവിന് ഹൃദയസംബന്ധമായ അസുഖത്തിന് കോട്ടയം ഭാരത് ആശുപത്രിയിൽ 2012 ൽ നടത്തിയ ചികിത്സക്ക് ചെലവായ തുകയിൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് അർഹതയുണ്ടെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ തുകയായ 1,36,638/- രൂപ(ഒരു ലക്ഷത്തി മുപ്പത്തി ആറായിരത്തി അറുനൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം)യുടെ 80% തുക കോട്ടയം നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും റീ ഇംബേഴ്സ് ചെയ്യുന്നതിന് കോട്ടയം നഗരസഭ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ബില്ലുകളുടെ വാസ്തവികത,അർഹത,കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം 3 ലെ വിധിന്യായം ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**വി.എസ്.സന്തോഷ്**
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.(മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം( ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കോട്ടയം നഗരസഭ
ശ്രീ.ജോസഫ് മാത്യു, റിട്ട.റവന്യൂ ഇൻസ്പെക്ടർ, കോട്ടയം നഗരസഭ } നഗരകാര്യ ഡയറക്ടർ മുഖേന
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ